14. പൊതു സ്ഥലങ്ങളിൽ ബാക്കിയുള്ള സ്ഥലത്ത് സി സി ടി വി സ്ഥാപിക്കുക

15. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കുക

16. പഞ്ചായത്തിന് ആധുനിക രീതിയിലുള്ള കൺവെൻഷൻ സെന്റർ സ്ഥാപിക്കുക

17. 13ാം വാർഡിൽ സ്ഥലം ഏറ്റെടുത്ത് ജലസംഭരണി പ്രോജക്റ്റ് അതിവേഗം നടപ്പിലാക്കുക

18. മീത്തലെ ചമ്പാട് പണി പൂർത്തിയാക്കുന്ന സബ് സെന്റർ പി.എച്ച്.സി യാക്കി മാറ്റുക

19. ഇൻഡോർ സ്റ്റേഡിയത്തിന് മൈക്ക് സെറ്റ് , കാർപെറ്റ് എന്നിവ നൽകുക

20. ഡയപ്പർ വലിച്ചെറിയുന്നു. അവ നശിപ്പിക്കാൻ ആവശ്യമായ ഇൻസിനേറ്ററുകൾ സ്ഥാപിക്കുക

21. പഴശ്ശി ഇറിഗേഷൻ പ്രദേശത്ത് ഇലക്ട്രിക് ലൈനിന് ചെരിഞ്ഞു നിൽക്കുന്ന തെങ്ങ് മുറിച്ച് മാറ്റണം.

22. അമ്മയും കുഞ്ഞും പദ്ധതി പൂർത്തീകരിക്കുക

23. രജിസ്ട്രേഷനുള്ള ക്ലബുകൾക്ക് മൈക്ക് സെറ്റ് അനുവദിക്കുക.

24. പന്ന്യന്നൂർ ജംങ്ഷനിലെ വാഹന അപകടങ്ങൾ കുറക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

25. പന്ന്യന്നൂർ പഞ്ചായത്തിൽ ഒരു പൊതു സ്മശാനം സ്ഥാപിക്കുക.

26. മതിലുകൾ റോഡിൽ നിന്നും വീട്ട് കെട്ടണം.

27. കുടുംബശ്രീക്ക് അനക്സ് ഓഫീസ് വേണം.

28. ഡേ കെയർ സെന്റർ സ്ഥാപിക്കണം.

29. കുടുംബശ്രീക്ക് നല്ലൊരു ഓഫീസ് സൌകര്യം ഉണ്ടാക്കുക.

30. ചെറുകിട വ്യവസായ തൊഴിൽദായക സംവിധാനം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഉണ്ടാക്കണം.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- പൊന്ന്യം പാലം ബോട്ട് സർവ്വീസ് സ്ഥാപിക്കുക
- നികുതി രശീതി A4 ഷീറ്റിൽ നൽകുക
- ബിൽഡിംഗ് പെർമിറ്റ് യഥാസമയം നൽകുക
- പൊതു ശ്മശാനം സ്ഥാപിക്കുക
- വി.ഇ.ഒ ക്ക് ആധുനിക സൌകര്യത്തോടെയുള്ള ഓഫീസ് സ്ഥാപിക്കുക

# കൃഷി

1. മഞ്ഞൾ ഗ്രാമം പദ്ധതി
2. കാർഷിക പ്രവർത്തി ഏറ്റെടുക്കുന്നവരെ ബോധവൽക്കരിക്കുന്ന തരത്തിലുള്ള ക്ലാസ് നൽകണം
3. ശാസ്ത്രീയ കൃഷി പരിശീലന പരിപാടി സംഘടിപ്പിക്കുക
4. ചാടാല പുഴയ്ക്ക് ചെക്ക്ഡാമിൽ തടയണ സംവിധാനം ഏർപ്പെടുത്തുക
5. പെരീക്കോത്ത് ഷട്ടർ (മൊകേരി പുഞ്ചക്കമാനം തോടിന് മുണ്ടോളിൽ താഴെ) – മൂന്നാം മുക്ക്– 3 സ്ഥലത്ത് ഷെൽട്ടർ
6. തെങ്ങിന് ജൈവവളവും രാസവളവും വിതരണം
7. സ്കൂളുകളിൽ പച്ചക്കറി കൃഷി
8. വരമ്പുകളിൽ ഹൈബ്രിഡ് കൈതചക്ക് വെച്ച് പിടിപ്പിക്കുക
9. ഫലവൃക്ഷ തൈ വിതരണം
10. കുറ്റി കുരുമുളക് / കുരുമുളക് വള്ളി വിതരണം
11. ഇടവിള കിറ്റ് വിതരണം
12. ഹൈ ബ്രിഡ് പച്ചക്കറി / വിത്ത് തൈകൾ വിതരണം
13. വാഴക്കന്ന് / മഞ്ചേരി കുള്ളൻ / )
14. തെങ്ങിൻ തൈ വിതരണം
15. തെങ്ങ് മുറിച്ച് മാറ്റുന്നതിന് നഷ്ടപരിഹാരം
16. കരനെൽ വിത്ത് വിതരണം
17. തീറ്റപ്പുൽ കൃഷി
18. ജല സംഭരണി
19. വന്യമൃഗശല്യം ഒഴിവാക്കാൻ ആവശ്യമായ ഷൂട്ടർമാരെ നിയോഗിക്കുക
20. പുഞ്ചവയൽ നെൽ കൃഷിക്ക് ഉപയുക്തമാക്കുക

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- ഇഞ്ചി കൃഷിക്ക് വിത്ത് , വളം നൽകൽ
- മനയത്ത് വയൽ കാട് മൂടി കിടക്കുന്ന സ്ഥലം വൃത്തിയാക്കി കൃഷിക്ക് അനുയോജ്യമാക്കുക
- തെങ്ങ്കയറ്റ തൊഴിലാളികൾക്ക് പരിശീലനം
- ചാടാൽ പുഴ ചെക്ക് ഡാം മണ്ണ് നീക്കം ചെയ്ത് കൃഷിക്ക് അനുയോജ്യമാക്കുക
- പൊതുകൃഷിക്ക് ജലസേചനത്തിന് കിണർ നിർമ്മാണം
- ശാസ്ത്രീയമായി കൃഷി ചെയ്യാൻ ട്രാക്ടർ വാങ്ങുക
- കൃഷി വകുപ്പ് വിതരണം ചെയ്യുന്ന വളത്തിന്റെ ഉപയോഗ രീതി വിവരിച്ച് കൊടുക്കുന്നതിന് ക്ലാസുകൾ
- 7ാം വാർഡിലെ 3 സെന്റ് സ്ഥലം കിണർ കുഴിച്ച് കൃഷിക്ക് ജലസേചനം നടത്തുത
- രോഗം വന്ന തെങ്ങ് മുറിക്കാനുള്ള ധനസഹായം

- സസ്യ വൈവിദ്യങ്ങൾ തിരിച്ചറിയുവാൻ കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ലാസ് നൽകുക
- കുറ്റി കുരുമുളക് വളർത്തുന്നതിനെ കുറിച്ച് ക്ലാസുകൾ
- മണ്ണ് പരിശോധന കേന്ദ്രം
- തെങ്ങ് രോഗങ്ങളെ കുറിച്ചുള്ള ക്ലാസ്
- ഗ്രീൺ ഗ്രാമം പദ്ധതി നടപ്പിലാക്കുക
- കാർഷിക നടീൽ വസ്തുകൾ നൽകിയാൽ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുക
- വീട്ടുകളിൽ കാർഷിക ക്ലിനിക്ക് നടപ്പിലാക്കുക
- കവുങ്ങ് കൃഷിക്ക് പ്രാധാന്യം നൽകുക
- തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുക

# മൃഗസംരക്ഷണം ക്ഷീരവികസനം

1. കറവപശു വിതരണം
2. പോത്തുകുട്ടി വിതരണം
3. കന്നുകുട്ടി വിതരണം
4. മുട്ടകോഴി വിതരണം
5. കർഷക ബോധവൽകരണ ക്ലാസ്
6. ധാതുലവണം വിരമരുന്ന്
7. കണ്ടിജൻസി ചെലവുകൾ

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- ആട് വളർത്തൽ
- താറാവ് കൃഷി
- തെരുവ് നായ ശല്യത്തിന് പരിഹാരം കാണുക
- പശു വളർത്തൽ തൊഴിലുറപ്പിൽ ഉൾപ്പെടുത്തുക
- മുള്ളൻപന്നി ശല്യം പരിഹരിക്കുക
- അലഞ്ഞ് നടക്കുന്ന നായകൾക്ക് ഷെൽട്ടർ നിർമ്മിക്കുക
- കന്നുകാലി തീറ്റ സബ്സിഡി വർഷം മുഴുവൻ ലഭ്യമാക്കുക

# പ്രാദേശിക സാമ്പത്തിക വികസനം

1. പുരുഷ സ്വയം സഹായ സംഘം ഗ്രൂപ്പകൾക്ക് സംരംഭം തുടങ്ങുന്നതിന് ധനസഹായം നൽകുക
2. ഭിന്നശേഷികാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക
3. നൂതനമായ സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലന പരിപാടി നടത്തി അതിൽ നിന്നും സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരായവരെ കണ്ടെത്തി ധനസഹായം നൽകുക

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- കുടുംബശ്രീക്കും JLG ക്കും സാമ്പത്തിക സഹായം
- കുടുംബശ്രീക്ക് കാറ്ററിംഗ് യൂണിറ്റിന് സാമ്പത്തിക സഹായം
- പശു വളർത്തൽ സ്വയം തൊഴിൽ സംരഭമാക്കുക
- ആഴ്ച ചന്ത വാർഡ് തലത്തിൽ നടത്തുക
- വനിതകൾക്ക് തൊഴിൽ പരിശീലനം

# ദാരിദ്ര്യ ലഘൂകരണം

1) ലൈഫിൽ പണി നടന്നു കൊണ്ടിരിക്കുന്ന വീടുകളുടെ നിർമ്മാണം ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
2) ലക്ഷം വീട്ടിൽ പട്ടയം ലഭിച്ചവരിൽ വാസയോഗ്യമല്ലാത്ത വീട് ഉള്ളവർക്ക് ലൈഫ് പദ്ധതിയിൽ വീട് അനുവദിക്കുക
3) അതിദാരിദ്ര്യ മുക്തരായവർക്ക് ആവശ്യമായ തുടർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക
4) അതിദാരിദ്ര്യ മൈക്രോ പ്ലാനിൽ ഉൾപ്പെട്ടവരും ലൈഫിൽ ഉൾപ്പെടാത്തതുമായ ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുക
5) ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിലേക്ക് താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു:
   a. ലൈഫ് ഭവന നിർമ്മാണ പദ്ധതി

b. PMAY ഭവന നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം കൈമാറൽ പദ്ധതി
c. അതിദാരിദ്ര്യ മൈക്രോ പ്ലാനിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കൽ
d. വീട് വാസയോഗ്യമാക്കൽ (ജനറൽ)
e. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ (ജനറൽ)
f. ഭവന പുനരുദ്ധാരണം (പട്ടികജാതി)
g. ഭവന പുനരുദ്ധാരണം (ലക്ഷം വീട് )

6) BPL കുടുംബങ്ങൾക്ക് പുതിയ വീടിന് കക്കൂസ് നിർമ്മാണം
7) ടോയ്ലറ്റ് റിട്രോഫിറ്റിംഗ് (ഇരട്ടകുഴി / സെപ്റ്റിക് ടാങ്ക് )
8) കിണറിന് ആൾമറ കെട്ടി ശുചിത്വ കിണറാക്കി മാറ്റൽ
9) ചെറുകിട സംരംഭം ആരംഭിക്കുന്നതിന് ധനസഹായം നൽകൽ (വ്യക്തിഗതം/ഗ്രൂപ്പുകൾക്ക് )

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- മേൽക്കൂര മാറ്റി സ്ഥാപിക്കൽ
- ലൈഫ് പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുക
- വീട് അറ്റകുറ്റപണിക്ക് ഫണ്ട് അനുവദിക്കണം.

# സാമൂഹ്യ നീതി

1. സ്വന്തമായി സ്ഥലം ഇല്ലാത്ത 4,6 വാർഡ് അങ്കണവാടിക്ക് സ്ഥലമെടുപ്പ്
2. അങ്കണവാടി ഇല്ലാത്ത 2ാം വാർഡിന് അങ്കണവാടി അനുവദിക്കണം
3. പന്ന്യന്നൂർ സ്മാർട്ട് അങ്കണവാടിക്ക് കിണറും ചുറ്റുമതിലും നിർമ്മാണം
4. അങ്കണവാടികൾക്ക് ഫൈബർ മേശ
5. അങ്കണവാടിക്ക് ലാപ്പ്ടോപ്പ്
6. 10 വാർഡുകളിൽ വാട്ടർ പ്യൂരിഫയർ
7. അങ്കണവാടിക്ക് പുതിയ മെനു പ്രകാരമുള്ള പാത്രങ്ങൾ
8. അങ്കണവാടകളിൽ പാചകം ചെയ്യാൻ ഗ്യാസ്, സ്റ്റൌ
9. കുട്ടികൾക്കുള്ള ചെറിയ ഫൈബർ കസേര
10. ടി.വി ഇല്ലാത്ത അങ്കണവാടികൾക്ക് ടി.വി
11. ഭിന്നശേഷി കുട്ടികൾക്ക് ഉല്ലാസ യാത്ര
12. കുട്ടികളെ 5 വയസ്സ് വരെ അങ്കണവാടിയിൽ നിലനിർത്തണം
13. വയോജന ക്ലബ് രൂപീകരിച്ച് മാസത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക
14. യൂസർ ഫീ, ഇലക്ട്രിസിറ്റി ബിൽ, വാട്ടർ ബിൽ എന്നിവ പഞ്ചായത്ത് അടവാക്കുക

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- അങ്കണവാടി പകൽവീട് അല്ലാതെ മറ്റൊരു സ്ഥാപനം കണ്ടെത്തുക
- അങ്കണവാടിക്ക് മുകളിൽ കോൺഫറൻസ് ഹാൾ (വാർഡ് 5)
- അങ്കണവാടിക്ക് കിണർ
- സ്ത്രീകൾക്ക് ജിം പരിശീലനം
- വയോജന കലോത്സവം
- ഭിന്നശേഷി കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്കോളർഷിപ്പ്
- അങ്കണവാടിക്ക് സ്ഥലം ഇല്ലാത്ത വാർഡിന് സ്ഥലം കണ്ടെത്തുക (വാർഡ് 2)
- പട്ടയം നൽകാൻ ബാക്കിയുള്ളവർക്ക് പട്ടയം നൽകുക
- കൌമാരക്കാരെയും യുവജനങ്ങളെയും രാത്രി കാലങ്ങളിൽ ഒഴിഞ്ഞ സ്ഥലത്ത് ഒത്തുകൂടുന്നത് ഒഴിവാക്കാൻ ജാഗ്രതാസമിതി നിയന്ത്രിക്കുക
- അങ്കണവാടിക്ക് കുടിവെള്ള സൌകര്യം ഒരുക്കുക (വാർഡ് 15)
- 60 വയസ്സിന് താഴെ ഉള്ളവർക്കും മുകളിൽ ഉള്ളവർക്കും ഉല്ലാസയാത്ര
- റിട്ടയേർഡ് അംഗനവാടി ടീച്ചർക്ക് പെൻഷൻ വർദ്ധിപ്പിക്കുക
- ഭിന്നശേഷിക്കാർക്ക് ഉല്ലാസയാത്ര
- അങ്കണവാടി പൈപ്പ് സ്ഥാപിക്കുക
- പന്ന്യന്നൂർ അങ്കണവാടി സ്മാർട്ട് ക്ലാസ് റൂം ആക്കുക കിണറിന് ചുറ്റുമതിൽ കെട്ടുക

## സ്പെഷൽ ഗ്രാമ സഭ നിർദ്ദേശം

- വയോജന സംഗമത്തിൽ വാർഡിലെ/പഞ്ചായത്തിലെ മുഴുവൻ വയോജനങ്ങളെയും ഉൾപ്പെടുത്തണം
- പകൽ വീട് അനിവാര്യമാണ്
- വയോജന ഗ്രമാസഭകൾ നടക്കുന്ന അറിയിപ്പ് മുഴുവൻ വയോജനങ്ങളെയും അറിയിക്കുവാനുള്ള സംവിധാനം ഒരുക്കു
- ഭിന്നശേഷിക്കാർക്ക് ഡയപ്പർ ലഭ്യമാക്കുക
- സ്വയം തൊഴിൽ പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് പരിഗണന നൽകുക (തയ്യൽ മെഷീൻ)
- വാക്കിംഗ് സ്റ്റിക്ക്, ക്രച്ചസ്, വാക്കർ, ഷൂസ്, വീൽചെയർ, മുച്ചക്ര വാഹനം, കാഴ്ചപരിമിതിയുള്ളവർക്ക് കമ്പ്യൂട്ടർ / മൊബൈൽ ഫോൺ, ഹീയറിഗം എയ്ഡ്
- ബഡ്സ് സ്കൂൾ ആവശ്യമുണ്ട്
- സംഗീതം കേൾക്കാൻ ബ്ലൂ ടൂത്ത് സ്പീക്കർ ധനസഹായം
- ഭിന്നശേഷിക്കാരുടെ വീടുകളിലേക്കുള്ള വഴികൾ/റോഡുകൾ സഞ്ചാര യോഗ്യമാക്കണം (വാർഡ് 11,4,8)
- വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്റ്റിൽ ഭിന്നശേഷി കുടുംബത്തിന് പ്രത്യേക പരിഗണന നൽകുക

# ജെന്റർ വികസനവും കുട്ടികളുടെ വികസനവും

1) വനിതകൾക്ക് കലാകായിക മത്സരങ്ങൾ
2) ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക
3) കുട്ടികൾക്ക് ഉല്ലാസത്തിനായുള്ള പാർക്ക്
4) 60 വയസ്സിന് താഴെയുള്ള വിധവകൾക്ക് ഉല്ലാസയാത്ര
5) വിധവകൾക്ക് തൊഴിൽ പരിശീലനം
6) വനിതകൾക്ക് ആഴ്ചയിൽ ഒരിക്കൽ ഗൈനക്കോളജി, ഓർത്തോ ഡോക്ടർമാരുടെ സേവനം
7) ഫിറ്റ്നെസ്സ് സെന്റർ ഇല്ലാത്ത വാർഡുകളിൽ ഫിറ്റ്നസ്സ് സെന്റർ
8) വയോജനങ്ങൾക്ക് വിശ്രമ കേന്ദ്രം
9) ജാഗ്രതാ സമിതി ശക്തിപ്പെടുത്തുക
10) സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച പഞ്ചായത്ത് എന്ന നിലയിൽ വനിതകൾക്ക് വീട്ടിലിരുന്ന് ചെയ്യാവുന്ന തൊഴിൽ സൌകര്യം
11) കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് വേതനം നൽകുക
12) പന്ന്യന്നൂർ പഞ്ചായത്തിൽ സ്കൂളുകളിൽ ക്ലാസടിസ്ഥാനത്തിൽ നിർബന്ധിത കൌൺസിലിങ്
13) വീട്ടുകളിൽ എക്സ്പയറി ഡേറ്റ് കഴിയാത്ത ബാക്കിവരുന്ന മരുന്നു ശേഖരിക്കാൻ സംവിധാനം
14) ഡൈപ്പർ (Child, Adult) ഇൻസിനേറ്റർ സ്ഥാപിക്കുക

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം
- സ്ത്രീകൾക്ക് ജിംനേഷ്യം വാർഡ് തലത്തിൽ
- കുട്ടികൾക്ക് നീന്തൽ പരിശീലനം
- പഞ്ചായത്തിലെ മികച്ച കുട്ടികളെ കണ്ടെത്തി അവരുടെ മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക
- വനിതകൾക്ക് തൊഴിൽ പരിശീലനം

## സ്പെഷൽ ഗ്രാമ സഭ നിർദ്ദേശം

- വീട്ടുകളിൽ നിന്നും ചെയ്യുന്ന തൊഴിൽ സാധ്യതകൾ ഉണ്ടാക്കുക
- വനിതകൾക്ക് സൌജന്യ 2 വീലറും, 4 വീലറും നൽകുക
- കുട്ടികൾക്ക് ആഴ്ചയിൽ ട്യൂഷൻ ക്ലാസുകൾ
- വാർഡുകളിൽ കളിസ്ഥലം
- കൌമാരം, വിവാഹപൂർവ്വ കൌൺസിലിംഗ് വേണം
- വനിതകൾക്ക് നീന്തൽ പരിശീലനം
- വനിതകൾക്ക് കായിക ഉപകരണങ്ങൾ
- വനിതകൾക്ക് വായന സൌകര്യം

- പി എസ് സി പരിശീലനം
- ജെന്ററിന്റെ ക്ലാസ് എല്ലാവർക്കും കിട്ടണം
- കിഴക്കേ ചമ്പാട് വനിതകൾക്ക് വിശ്രമ കേന്ദ്രം
- വാർഡ് തലത്തിൽ വനിതകൾക്ക് ക്ലബുകളും വായനശാലകളും
- വനിതകൾക്ക് നിയമസാക്ഷരതാ ക്ലാസുകൾ
- ഓരോ വാർഡിന് സ്വന്തമായി സൈക്കിൾ (ഇലക്ട്രിക്ക്)
- തെരുവ് നായ ശല്യം ഒഴിവാക്കുക
- കലാ കായിക പരിപാടികൾക്ക് ബാഗ്, പുസ്തകം മുതലായവ ഉപകാരപ്രദമായത് നൽകുക
- വാർഡ് തലത്തിൽ നീന്തൽ കുളം, കുന്നോത്ത് കുളം നന്നാക്കി നീന്തലിന് വേണ്ട സൌകര്യം ഉണ്ടാക്കുക.
- കുട്ടികൾക്ക് നീന്തൽ പരിശീലനം
- വാർഡിൽ കുട്ടികൾക്ക് വിനോദയാത്ര സംഘടിപ്പിക്കുക
- പഞ്ചായത്തിലെ LSS,USS കിട്ടിയവർക്ക് ഗ്രാമസഭയിൽ അനുമോധനം
- കുട്ടികൾക്ക് പാർക്ക്
- പ്രസവ ശുശ്രൂസ സെന്റർ
- വനിതകൾക്ക് ടൂ വീലർ സബ്സിഡി
- വനിതകൾക്ക് തയ്യൽ മെഷീൻ ലഭ്യമാക്കുക
- ഉൽപ്പന വിപണനത്തിൽ സൌകര്യം ഉണ്ടാക്കണം
- ലിംഗസമത്വം വീട്ടിൽ തന്നെ
- സ്കൂളുകളിൽ പാർക്കുകൾ സ്ഥാപിക്കുക

# പട്ടികജാതി/പട്ടികവർഗ്ഗ വികസനം

1. എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്
2. എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
3. മിശ്രവിവാഹ ധനസഹായം
4. ഭവന പുനരുദ്ധാരണം
5. വിദ്യാർത്ഥികൾക്ക് പഠന ഉപകരണം
6. സ്വയം തൊഴിൽ സംരംഭം
7. വിവാഹ ധനസഹായം

# ആരോഗ്യം

1. ഡയാലിസിസ്സ് രോഗികൾക്ക് ധനസഹായം
2. ക്യാൻസർ രോഗ നിർണ്ണയം
3. മനേക്കര സബ് സെന്റർ സ്ഥലം ഏറ്റെടുക്കൽ
4. FHC യിൽ ഡയാലിസിസ്സ് യൂണിറ്റ് തുടങ്ങുക

5. വിവാഹപൂർവ്വ കൌൺസിലിംഗ്
6. Diabetic രോഗികൾക്ക് പരിശോധന സൌജന്യ നിരക്കിൽ ലഭ്യമാക്കുക – ചമ്പാട് സബ് സെന്ററിലും
7. കുടിവെള്ളത്തിന് Fitter സബ്സിഡി നടപ്പിലാക്കുക
8. ചോതാവൂർ ഹൈ സ്കൂൾ ജല പരിശോധന ലഭ്യമാക്കുക
9. ഭിന്നശേഷിക്കാർക്ക് ഉപകരണം
10. ആരോഗ്യ സാക്ഷരതാ പദ്ധതി – ക്യാൻസർ സമാപന സമ്മേളണം, തുടർ പ്രവർത്തനം തുടങ്ങിയവ നടപ്പിലാക്കുക
11. പാലിയേറ്റീവ് സ്വാന്തന പരിചരണം മെച്ചപ്പെടുത്തുക
12. Menstrual Cup വിതരണം
13. അതിദാരിദ്ര്യകുടുംബങ്ങൾക്ക് മരുന്ന് വാങ്ങൽ
14. കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ പദ്ധതി
15. ഹോമിയോ മരുന്ന് ലഭ്യമാക്കുക
16. കിഡ്നി രോഗ ബോധവൽകരണം
17. ആയുർവ്വേദ മരുന്ന് വാങ്ങൽ
18. ആയുർവ്വേദ ആശുപത്രി അറ്റകുറ്റപണി
19. ഔഷധതോട്ടം നവീകരണം
20. മാനസിക OPD ആഴ്ചയിൽ ഒരു ദിവസം
21. കിടപ്പ് രോഗികൾക്ക് ഡയപ്പർ – നൽകൽ, തിരിച്ചെടുക്കൽ
22. പാലിയേറ്റീവ് രോഗികൾക്ക് സ്പെഷൽ കട്ടിൽ വിതരണം
23. പന്ന്യന്നൂർ PHC യിൽ ഓപ്പൺ ജിം, എല്ലാ വാർഡുകളിലും ഓപ്പൺ ജിം സ്ഥാപിക്കണം

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- മീത്തലെ ചമ്പാട് സബ് സെന്ററിൽ ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഉറപ്പാക്കുക
- ഗവൺമെന്റ് ഡിസ്പെൻസറിയിൽ സി.സി.ടി.വി യും കമ്പ്യൂട്ടറും ലഭ്യമാക്കുക
- ഡയാലിസിസ് രോഗികൾക്ക് IV കിറ്റ് വിതരണം
- ആരോഗ്യ സുരക്ഷാ പദ്ധതിയിൽ തുടർ പ്രവർത്തനം നടപ്പിലാക്കുക
- ഹെൽത്ത് കാർഡ് നിർബന്ധമാക്കുക
- വിവാഹ ആവശ്യങ്ങൾക്ക് എടുക്കുന്ന കുടിവെള്ള പരിശോധിക്കുക
- മെഡിക്കൽ ക്യാമ്പുകളിൽ തൈറോയിഡ്, കൊളസ്ട്രോൾ ചെക്ക് ചെയ്യാനുള്ള സൌകര്യം ഉണ്ടാക്കുക
- പഞ്ചായത്തിൽ കുറഞ്ഞത് 250 പേർക്ക് അധികാരമായി CPR പരിശീലനം കൊടുക്കുക
- പൊതു ജനങ്ങൾക്ക് ആരോഗ്യ ബോധവൽക്കരണ ക്ലാസ് കൊടുക്കുക
- പഞ്ചായത്തിലെ കൊതുക് ശല്യം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുക
- വാർഡ് തലത്തിൽ വിവിധ തരത്തിലുള്ള രോഗങ്ങൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനുള്ള ഹെൽപ്പ് ഡെസ്ക്ക് തയ്യാറാക്കുക
- രോഗികൾക്ക് പോഷകാഹാരം
- പന്ന്യന്നൂർ ഹോസ്പിറ്റലിൽ ഫിസിയോതെറാപ്പി സെന്റർ
- PHC യിൽ ഓർത്തോ, ഗൈനക്കോളജി ഡോക്ടറെ നിയമിക്കുക

- പാലിയേറ്റീവ് പ്രവർത്തനം കൂടുതൽ പ്രവർത്തനക്ഷമമാക്കുക
- ഡയാലിസിസ് സെന്റർ പഞ്ചായത്തിൽ തുടങ്ങുക
- ഔഷധ സാക്ഷരതാ ക്ലാസുകൾ പൊതുജനങ്ങൾക്ക് നൽകുക
- കിഡ്നി രോഗ നിർണ്ണയ ക്യാമ്പ്
- പന്ന്യന്നൂർ പി.എച്ച്.സി യിൽ മുഴുവൻ സമയവും ഡോക്ടർമാരെ നിയമിക്കുക
- സബ് സെന്ററിൽ ഡോക്ടറെ നിയമിക്കുക

# കുടിവെള്ള ശുചിത്വം

1. കിണർ റീച്ചാർജ്ജിംഗ് സംവിധാനം വിപുലപ്പെടുത്തുക
2. പഞ്ചായത്തിന് കൈമാറി കിട്ടിയ പുഞ്ചവയൽ കുളത്തിന്റെ സ്ഥലം കുടിവെള്ള സംഭരണത്തിന് ഉപയോഗിക്കുന്നതിന് വേണ്ട നടപടികൾ ഉടൻ തന്നെ ചെയ്യുക
3. ഒന്നാം വാർഡിൽ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥലത്ത് ടാങ്ക് നിർമ്മിക്കുന്നതിനും ജല സംഭരണത്തിനും വേണ്ടി ഉപയോഗപ്പെടുത്താൻ വേണ്ട നടപടിക്രമങ്ങൾ ചെയ്യുക
4. ശുചിത്വവുമായി ബന്ധപ്പെട്ട് തോടുകൾ വൃത്തിയാക്കൽ പോലെയുള്ള ജോലികൾ മഴക്കാലത്തിന് മുൻപായി ചെയ്യണം
5. ചമ്പാട്, പന്ന്യന്നൂർ മേഖലകളിൽ പൊതു ശൌച്ചാലയം ഉണ്ടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
6. നിലവിലുള്ള ശൌചാലയം വൃത്തിയാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുത്ത് ആളെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
7. എന്റെ ഗ്രാമം സുന്ദര ഗ്രാമം എന്ന പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുക
8. ശുചിത്വ ബോധവൽകരണത്തിന് കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ വേണ്ട നടപടികൾ (സ്കൂൾ കുട്ടികൾ ഉൾപ്പടെ) സ്വീകരിക്കുക
9. സ്വകാര്യ വ്യക്തികളുടെ കാടുപിടിച്ച കിടക്കുന്ന സ്ഥലങ്ങൾ കാടുവെട്ടി വൃത്തിയാക്കുന്നതിനും അവർക്ക് വേണ്ട നിയമ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിക്കേണ്ടതുണ്ട്.
10. സി സി ടി വി ക്യാമറകളുടെ എണ്ണം വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വെക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
11. ജലനിധിയുടെ പൈപ്പ് ലൈൻ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക
12. ആയുർവ്വേദ OP പഞ്ചകർമ്മ തെറാപ്പി നടപ്പിലാക്കണം

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- സാനിറ്ററി പാഡുകൾ ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നതിന് ആവശ്യമായ പ്രോജക്റ്റുകൾ
- വായനശാലകൾക്ക് വാട്ടർ കണക്ഷൻ അനുവദിക്കുക
- താഴെ ചമ്പാട് Take-A-Break നിർമ്മിക്കുക

- കിഴക്കെ ചമ്പാട് അംഗനവാടിക്ക് കിണർ
- പൊതു കൃഷിക്ക് കിണർ
- പൊതു ചടങ്ങുകൾക്ക് ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ സുരക്ഷിതത്വം ഉറപ്പ് വരുത്തുക
- എന്റെ ഗ്രാമം സുന്ദര ഗ്രാമം പദ്ധതി തുടരുക
- വാർഡിൽ ഒരു കുളം നടപ്പിലാക്കുക
- പഞ്ചായത്തിലെ മുഴുവൻ കനാലുകളും കാട് വെട്ടി തളിച്ച് വെള്ളത്തിന്റെ ഒഴുക്ക് സുഖമമാക്കുക
- തായ്യാട്ട്മുക്ക് റോഡിലെ വെള്ളകെട്ട് ഒഴിവാക്കുക
- പഞ്ചായത്ത് മിനി MCF മാറ്റി സ്ഥാപിക്കുക
- എന്റെ ഗ്രാമം സുന്ദര ഗ്രാമം പദ്ധതിയിൽ 250 മീറ്റർ ഓട, ഡ്രൈനേജ് വൃക്തിയാക്കുക
- അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ
- ലക്ഷം വീട്ടുകളിൽ കിണർ ശുചീകരണം
- 11ാം വാർഡ് – ആയാടത്തിൽ കുളം ശുചീകരിക്കുക
- മാലിന്യം വെലിച്ചെറിയുന്നത് തടയുന്നതിന് വേണ്ടി ക്യാമറകളുടെ എണ്ണം വർദ്ധിപ്പിക്കുക
- ആണ്ടിപീടിക മേഘലകളിൽ 13 വാർഡുകളിൽ പൈപ്പ് ലൈൻ ഉണ്ടെങ്കിലും കുടിവെള്ളം കിട്ടുന്നില്ല – ആവശ്യമായ നടപടികൾ സ്വീകരിക്കുക
- മാക്കുനി മേഖലകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുക
- പഞ്ചായത്തിലെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും വെള്ളം പാഴാകുന്നത് തടയുക

# വിദ്യാഭ്യാസം, കല–സംസ്കാരം–യുവജനക്ഷേമം

1) AI പരിശീലനം – യു.പി മുതൽ AI പരിശീലനത്തിന്റെ പ്രാഥമിക പാഠം കൊടുക്കാൻ തീരുമാനിക്കും
2) എല്ലാ സ്കൂളുകളിലും സഹവാസ ക്യാമ്പ് നടത്തി ആകാശ നിരീഷണം നടത്താൻ തീരുമാനിച്ചു.
3) സ്കൂളുകളിൽ കുട്ടി കർഷകരെ കണ്ടെത്തുക
4) സ്കൂളുകളിൽ ദുരന്ത നിവാരണ പരിശീലനം
5) നീന്തൽ പരിശീലനം
6) സൈക്കിൾ പരിശീലനം
7) അങ്കണവാടി ടീച്ചർമാർ ഉൾപ്പടെ കരകൌശല പരിശീലനം
8) ചെസ് ഗ്രാമം പദ്ധതി
9) P.T ഇല്ലാത്ത സ്കൂളുകളിൽ ആഴ്ചയിൽ ഒരിക്കൽ പരിശീലനം

10) കളരി പരിശീലനത്തോടൊപ്പം ഒരു ഗെയിം കൂടി പരിശീലിപ്പിക്കുക (Volley Ball, Foot Ball)
11) ഊർജ്ജ സംരക്ഷണം, ജല സംരക്ഷണം എന്നിവയെകുറിച്ച് ബോധവന്മാരാകാനുള്ള പരിപാടികൾ
12) കേരളോത്സവം
13) തുല്യതാ പരീക്ഷ
14) പത്താമുദയം
15) ഡിഗ്രി ലെവൽ പരീക്ഷ
16) IEDC കുട്ടികളെ പരിശീലിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു അധ്യാപകയെ നിയമിക്കണം
17) വായനശാലകൾക്ക് ദേശാഭിമാനി പത്രവും, ഇംഗ്ലീഷ് പത്രവും നൽകണം
18) വിദ്യാലയങ്ങൾക്ക് സാനിറ്ററി ഉപകരണങ്ങളുടെ വിതരണം

## സ്പെഷൽ ഗ്രാമ സഭ നിർദ്ദേശം

- ആളുകൾ കൂടുന്ന സ്ഥലത്ത് ബോട്ടിൽ ബൂത്ത്
- വിവിദ മത്സര പരീക്ഷകൾക്ക് കൌൺസിലിംഗ് ക്ലാസുകൾ
- നീന്തൽ കുളം രൂപീകരണം
- ഓരോ വാർഡിലും കളിസ്ഥലം
- രക്ഷിതാക്കൾ മരണപ്പെട്ട, അനാഥരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് സാമ്പത്തിക സഹായം
- കലാ കായിക പരിശീലനങ്ങൾ പഞ്ചായത്ത് തലത്തിൽ
- ലഹരിക്കെതിരെ ബോധവൽകരണം
- യുവാക്കൾക്ക് തൊഴിൽ സൃഷ്ടിക്കുക
- കരിയർ ഗൈഡൻസ് ക്ലാസുകൾ നടത്തുക

# പൊതുമരാമത്ത്

1. റോഡു പ്രവൃത്തികളിൽ ടാറിങ്, കോൺക്രീറ്റിന് മുൻഗണന നൽകണം
2. റോഡ് നിർമ്മാണങ്ങളിൽ റോഡിന്റെ സുരക്ഷയും കൂടുതൽ കാലം നിലനിൽക്കുന്നതും പരിഗണിച്ച് side concrete മുൻഗണന നൽകണം
3. തോടുകളുടെ നശിക്കുന്നത് തടയാൻ തോട് സംരക്ഷണത്തിനായുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കണം.
4. തോടുകളുടെ ആസ്തി അപ്ഡേഷൻ പൂത്തിയാക്കുക
5. മറ്റ് റോഡുകളുമായി ലിങ്ക് ചെയ്യുന്ന റോഡുകൾ റീ-ടാറിംങ് ചെയ്യാൻ മുൻഗണന നൽകണം
6. പഞ്ചായത്തിൽ നടക്കുന്ന എല്ലാ പ്രവൃത്തികൾക്കും മോണിറ്ററിംങ് കമ്മിറ്റി രൂപീകരിക്കുകയും പ്രവൃത്തിയുടെ ആരംഭം മുതൽ മോണിറ്ററിംഗ് ഉറപ്പാക്കുക
7. പുതിയ റോഡുകളിൽ ചെറിയഭാഗം പൂർത്തിയാക്കാത്ത റോഡുകൾക്ക് മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തിയാക്കുക
8. റോഡ് മെയിന്റനൻസിന് പാച്ച് വർക്ക് ചെയ്യാനായി പ്രോജക്റ്റ് ഏറ്റെടുക്കുക
9. സ്ട്രീറ്റ് ലൈറ്റുകൾ ഓട്ടോമാറ്റിക്ക് ആക്കിമാറ്റാനുള്ള പദ്ധതി ഏറ്റെടുക്കുക

10. സ്ട്രീറ്റ് ലൈറ്റുകൾ ഇടവഴികളിൽ നിന്നും മാറി മെയിൻ റോഡുകളിലേക്ക് മാറ്റുക
11. സ്ട്രീറ്റ് ലൈറ്റുകൾക്ക് AMC ഏറ്റെടുക്കുക
12. പഴക്കംചെന്ന LED ലൈറ്റുകൾ മാറ്റി സ്ഥാപിക്കുക
13. മിനിമാസ്റ്റ്, ഹൈ മാസ്റ്റ് ലൈറ്റുകൾക്ക് AMC വെക്കുക
14. ഭൂമി ഏറ്റെടുത്ത വാർഡിൽ ഒരു കളിസ്ഥലം പദ്ധതിക്ക് ശാസ്ത്രീയമായ നിർമ്മാണം നടത്തുക.
15. MCF നിർമ്മാണം പൂർത്തീകരിക്കുക
16. പഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തീകരിക്കുക
17. ശിശുമന്ദിരത്തിലെ ഓപ്പൺ ജിം ന് മുകളിൽ ഷീറ്റ് നിർമ്മാണം

## ഗ്രാമസഭ നിർദ്ദേശങ്ങൾ

- മനയത്ത് വയൽ ചാടാൽ പുഴ റോഡ് വീതി കൂട്ടുക
- നിലവിലെ തകർന്ന മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കുക
- പഞ്ചായത്തിൽ സ്ഥാപിച്ച് പൊതു ഇടങ്ങളിലെ സി.സി.ടി.വി പ്രവർത്തനക്ഷമത പരിശോധിക്കുക
- മുഴുവൻ ഗ്രാമീണ റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുക
- എല്ലാ വാർഡുകളിലെയും പുതിയ റോഡുകൾ ടാർ ചെയ്യുന്നതിന് പദ്ധതി വെക്കുക
- താഴെ ചമ്പാട് ടൌണിൽ പെതു ശൌച്ചാലയം സ്ഥാപിക്കുക
- ചാടാലപുഴയിൽ മണ്ണ്, മണൽ നീക്കം ചെയ്യുക
- ചോരക്കുളം മൊകേരി വയൽ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുക
- താഴെ ചമ്പാട് ടൌണിൽ ട്രാഫിക്ക് നടപ്പിലാക്കുക
- ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന്റെ താമസം ഒഴിവാക്കുക
- ചൊക്ലി-പന്ന്യന്നൂർ-മൊകേരി-കുത്തുപറമ്പിലേക്ക് ബസ് റൂട്ട് അനുവദിക്കുക
- കൊളങ്ങരോത്ത് നടപ്പാത മെയിന്റനൻസ് ചെയ്യുക
- എല്ലാ വാർഡിലും ഒരു കലിസ്ഥലം ഒരുക്കുക
- പഞ്ചായത്തിൽ വാർഡുകളിൽ വയോജന വിശ്രമ കേന്ദ്രം സ്ഥാപിക്കുക
- മീത്തലെ ചമ്പാട് ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുക
- പൊന്ന്യം പുഴ വൃത്തിയാക്ക് മരങ്ങൾ മുറിച്ച് മാറ്റി നീരൊഴുക്ക് സുഗമമാക്കുക
- പഞ്ചായത്തിൽ ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കുക
- ഇൻഡോർ സ്റ്റേഡിയം മെയിന്റനൻസ് ചെയ്യുക

# ജൈവ വൈവിദ്യം

1. ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കൽ
2. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി
3. തോടുകൾ നവീകരണം - അടഞ്ഞുപോയ തോടുകളിൽ നിന്ന് മണ്ണ് നീക്കം ചെയ്ത് ജല പ്രവാഹം സാധ്യമാക്കുക

# സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

## കൃഷി

തരിശ് രഹിത പന്ന്യന്നൂർ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കാർഷിക രംഗത്ത് രൂപീകരിക്കുന്ന എല്ലാ പദ്ധതികളും സംയോജിപ്പിക്കണം. തൊഴിലുറപ്പ് പദ്ധതികൾ, കുടുംബശ്രീ - ജെ.എൽ.ജി ഗ്രൂപ്പുകൾ, പച്ചക്കറി ക്ലസ്റ്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയെ സംയോജിപ്പിച്ച് കൊണ്ട് ഒരു വർഷം കൊണ്ട് തരിശ് രഹിത ലക്ഷ്യം കൈവരിക്കും.

ബ്ലോക്ക് – ജില്ലാ പഞ്ചായത്ത് പദ്ധതികളും ഡിപ്പാർട്ടമെൻറ് പദ്ധതികളും സംയോജിപ്പിച്ചു കൊണ്ട് കൂടുതൽ കാര്യക്ഷമമായ പദ്ധതി രൂപീകരണം ലക്ഷ്യമിടുന്നു.

മൃഗ സംരക്ഷണ വകുപ്പുമായി സംയോജിപ്പിച്ച് കൊണ്ട് ജൈവവള നിർമ്മാണ യൂണിറ്റുകൾ തുടങ്ങുകയും അത് വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.

## മൃഗസംരക്ഷണം :–

കാർഷിക മേഖല, തൊഴിലുറപ്പ് പദ്ധതി, ചെറുകിട വ്യവസായമേഖല, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവുമായി സംയോജിപ്പിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ കന്നുകുട്ടി പരിപാലന പദ്ധതി, പ്രവാസി ഗ്രൂപ്പുകളുമായും സംയോജിപ്പിക്കാം.

കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ, സഹകരണ ബേങ്കുകൾ, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവമുമായും സംയോജിപ്പിക്കാം.

ത്രിതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ക്ഷീരവികസന വകുപ്പുമായും, നവകേരള കർമ്മ പദ്ധതികളുമായും, ശുചിത്വ മിഷൻ, ഊർജ്ജ വകുപ്പുമായും സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കാം.

## പ്രാദേശിക സാമ്പത്തിക വികസനം

ഉൽപാദന മേഖലയിലെ ഗ്രാമപഞ്ചായത്തിൻറെയും - ബ്ലോക്ക് പഞ്ചായത്തിൻറെയും - ജില്ലാപഞ്ചായത്തിൻറെയും ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും ലഭ്യമാക്കാവുന്നതാണ്. പരിശീലന പരിപാടികൾക്ക് ബ്ലോക്ക് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. സൌജന്യമായും, ഫീസ് നൽകിയും പരിശീലനങ്ങൾ കൊടുക്കുന്ന സ്ഥാപനങ്ങളുമായി പഞ്ചായത്ത് ധാരണാപത്രത്തിൻറെ അടിസ്ഥാനത്തിൽ തൊഴിൽ പരിശീലനം നൽകാവുന്നതാണ്.

## ദാരിദ്ര ലഘൂകരണം

ദാരിദ്ര്യലഘൂകരണം, പാർപ്പിടം മേഖലകളിലെ പ്രൊജക്ടുകൾ, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, തൊഴിലുറപ്പ് പദ്ധതി, സ്വയം തൊഴിൽ കണ്ടെത്തൽ, എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

കുടുംബശ്രീ, തൊഴിൽ വകുപ്പ്, പ്രധാനമന്ത്രി ആവാസ് യോജന, ലൈഫ്, തുടങ്ങിയവുമായും സംയോജിപ്പിക്കാം.

കേന്ദ്രാവിഷ്കൃത പദ്ധതികളായ NRLM, സംസ്ഥാന തൊഴിൽ വകുപ്പ്, ചെറുകിട വ്യവസായ വകുപ്പ്, സാങ്കേതിക സ്ഥാപനങ്ങൾ , സഹകരണ സംഘങ്ങൾ, ബേങ്കുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുമായും സംയോജിപ്പിക്കാവുന്നതാണ്.

## സാമൂഹ്യ നീതി

സാമൂഹ്യനീതി പ്രൊജക്ടുൾ ആരോഗ്യ മേഖല, തൊഴിൽ, ചെറുകിട വ്യവാസായം, വിദ്യാഭ്യാസം, സാമൂഹ്യ നീതി വകുപ്പ് എന്നിവയുമായും സംയോജിപ്പിക്കാവുന്നതാണ്. ആർദ്രം, NHM, എന്നീ പദ്ധതികളുമായും സംയോജന സാധ്യതയുണ്ട്. സന്നദ്ധ സംഘടനകൾ, പാലിയേറ്റീവ് സംഘടനകൾ, കുടുംബശ്രീ, ചാരിറ്റി സ്ഥാപനങ്ങൾ എന്നിവുമായും സംയോജിപ്പിക്കാവുന്നതാണ്.

ത്രിതല തദ്ദേശ സ്ഥാപന പദ്ധതികളുമായി സംയോജിപ്പിച്ചികൊണ്ട് ഭിന്നശേഷി ഉപകരണങ്ങൾ, സ്കോളർഷിപ്പുകൾ, ക്ഷേമ പ്രവർത്തനങ്ങൾ, പകൽവീട്, ബയോ ക്ലബ്, ജനിയാട്രിക്ക് ക്ലിനിക്ക് തുടങ്ങിയവ നടപ്പിലാക്കാം.

## വനിത ശിശു ക്ഷേമം

വനിത വികസന പദ്ധതി പ്രൊജക്ടുകൾ കുടുംബശ്രീ, കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ദാരിദ്ര്യലഘൂകരണം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

ത്രിതല പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, വനിതാകമ്മീഷൻ എന്നിവയുമായും സംയോജിപ്പിക്കാം.

## പട്ടികജാതി വികസനം

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, സർക്കാർ പദ്ധതികൾ പട്ടികജാതി മേഖലയിൽ സംയോജിപ്പിക്കാനുള്ള സാധ്യതകൾ കൂടുതലാണ്. ഭിന്നശേഷി സ്കോളർഷിപ്പ്. പഠനമുറി, മെറിറ്റോറിയൽ സ്കോളർഷിപ്പ് തുടങ്ങിയ വിവിധ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

## ആരോഗ്യം

ആരോഗ്യമേഖലയിലെ പദ്ധതികൾ ആർദ്രം സാമൂഹ്യനീതി, വിദ്യാഭ്യാസം, നവകേരള കർമ്മ പരിപാടി, ശുചിത്വ മിഷൻ, തെളിനീരൊഴുകും നവകേരളം, സർക്കാർ വകുപ്പുകൾ, വിവിധ ചികിത്സാ വിഭാഗങ്ങൾ എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

കേന്ദ്ര - സംസ്ഥാന പദ്ധതികളുമായും, കുടുംബശ്രീ, ത്രിതല പഞ്ചായത്ത് പദ്ധതികൾ എന്നിവയുമായും സംയോജിപ്പിക്കാം

## കുടിവെള്ളം ശുചിത്വം

കുടിവെള്ളം, ശുചിത്വം മേഖലയിലെ പ്രൊജക്ടുകൾ ശുചിത്വ മിഷൻ, ജലജീവൻ മിഷൻ, നവകേരള കർമ്മ പദ്ധതി, കുടുംബശ്രീ, ഹരിത കർമ്മസേന, ഭൂഗർഭ ജല വകുപ്പ്, എം.എൽ,എ ഫണ്ട് എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് സാങ്കേതിക ശാസ്ത്ര വകുപ്പ്, വാട്ടർ അതോറിറ്റി, കാലാവസ്ഥ വകുപ്പ്, കേന്ദ്ര– സംസ്ഥാന സർക്കാർ പദ്ധതികൾ, റവന്യു വകുപ്പ് എന്നി വയുമായും സംയോജിപ്പിക്കാവുന്നതാണ്.

## പൊതുമരാമത്ത്

പൊതുമരാമത്ത് മേഖലയിലെ പദ്ധതികൾ പി.ഡബ്ല്യു.ഡി, കേന്ദ്ര– സംസ്ഥാന പദ്ധതികൾ (PMGSY) ഫ്ലഡ്, മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി, എം.എൽ എ, നബാർഡ്, ത്രിതല പഞ്ചായത്ത് സന്നദ്ധ സേവനം എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്

വാർഷിക പദ്ധിതിയിലെ എല്ലാ പ്രൊജക്ടുകളും പരിസ്ഥിതി സൌഹൃതവും ജൈവ വൈവിധ്യ ദുരന്ത നിവാരണവുമായി ബന്ധിപ്പിച്ചതാണ്. ജില്ലാ ബ്ലോക്ക് എന്നിവിടങ്ങളിലുള്ള ഫണ്ടും പഞ്ചായത്തിന്റെ വികസന ഫണ്ടും ഒരേ പദ്ധതിക്ക് ആവർത്തിച് വരുന്നില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ട്.


# അധ്യായം 5

## വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും


നിലവിലുള്ള വിഭവങ്ങളെ ആസൂത്രിതമായി ഉപയോഗിക്കുകയും പുതിയ വിഭവങ്ങൾ കണ്ടെത്തുകയും ചെയ്തുകൊണ്ട് മാത്രമേ ഏതൊരു സ്ഥാപനത്തിനും മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ എന്ന ലളിതമായ സാമ്പത്തിക തത്വം മുൻനിർത്തിക്കൊണ്ട് മാത്രമേ നമ്മുടെ പഞ്ചായത്തിൻറെ വിഭവസമാഹരണത്തെക്കുറിച്ച് നമുക്ക് ആലോചിക്കാൻ സാധിക്കുകയുള്ളൂ.

താരതമ്യേന വരുമാനം വളരെ കുറവായ ഒരു പഞ്ചായത്താണ് പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാന്റായി ലഭിക്കുന്നത് വളരെ കുറഞ്ഞ സംഖ്യമാത്രമാണ്. വരുമാനത്തെക്കുറിച്ച് വിശദമാക്കുന്ന പട്ടിക ഒന്നും, ഗ്രാഫ് ഒന്നും പരിശോധിച്ചാൽ വരുമാനത്തിൻറെ സ്രോതസ്സുകൾ വളരെ പരിമിതമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

<u>പഞ്ചായത്തിൻറെ വരുമാനം ഗ്രാഫ് –1</u>



## പഞ്ചായത്തിൻറെ ചെലവ് വിവരം ഗ്രാഫ് –2



പട്ടിക-1

വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ശതമാനം |
|---|---|---|---|
| കെട്ടിട നികുതി | 51,53,749 | 45,28,633 | 87.8 |
| സർവ്വീസ് ചാർജ്ജ് | – | – | |
| തൊഴിൽ നികുതി | 1022080 | 1022080 | 100 |
| വാഹന നികുതി | – | – | |
| വിനോദ നികുതി | – | – | |
| പ്രദർശന നികുതി | – | – | |
| ചന്തവരവ് (ലേലം) | – | – | |
| ലാൻറ്സെസ് | – | – | |
| ലൈസൻസ് ഫീസ് | 2,19,000 | 88650 | 40 |
| കെട്ടിടനികുതി (സർചാർജ്ജ് ) | – | – | |
| വസ്തുകൈമാറ്റ നികുതി 75% | – | – | |
| സർക്കാർ ഗ്രാൻറ്ഒഴികെ മറ്റുവരവ് | 3455681 | 3455681 | 100 |
| സംഭാവന | – | – | |
| ഡെപ്പോസിറ്റ് | 114057 | 114057 | 100 |
| മറ്റുള്ളവ | 257425 | 257425 | 100 |
| ആകെ | | | |

മേൽകൊടുത്ത പട്ടികയിലെ വിവരങ്ങൾ വിഭവസമാഹരണത്തിനുള്ള സാധ്യതകളുമായി ബന്ധപ്പെടുത്തുമ്പോൾ സാധ്യതകളെ പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്നില്ല. വിഭവസമാഹരണത്തിന് പുത്തൻമാർഗ്ഗങ്ങൾ കണ്ടെത്താൻ സാധിച്ചാൽ മാത്രമേ പുതിയ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.